**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2736** **14-09-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളതെന്നും ഇവ ഓരോന്നും പ്രവർത്തിക്കുന്നത് എത്ര സ്ഥലത്താണ് എന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം, അവയുടെ സ്ഥലം, നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം, അവയുടെ സ്ഥലം, നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആലപ്പുഴ മണ്ഡലത്തിൽ പുതുതായി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **ആലപ്പുഴ മണ്ഡലത്തിൽ പുതുതായി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കമ്പനിയുടെ പേര് | ഉൽപ്പന്നങ്ങൾ |
|---|---|---|
| 1. | ആട്ടോകാസ്റ്റ് ലിമിറ്റഡ് | ആട്ടോകാസ്റ്റ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ 52.50 ഏക്കറിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. ആട്ടോകാസ്റ്റിന്റെ നവീകരണത്തിന്റെ ഭാഗമായി സർക്കാർ അനുവദിച്ച 10.33 കോടി രൂപ മുടക്കി 2 MW ന്റെ Solar Project പൂർത്തീകരിച്ചുവരുന്നു. കൂടാതെ റെയിൽവേ കാസ്റ്റിങ്ങുകളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട്, ഫൗണ്ടറി അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനായി സർക്കാർ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| 2. | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | കമ്പനിയുടെ ഹെഡ് ഓഫീസ് നാല് ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.<br><br>കമ്പനിയുടെ കണിച്ചുകുളങ്ങര യൂണിറ്റ്, കയർ പാർക്ക് എന്നിവ 4.5 ഏക്കർ സ്ഥലത്തും സ്ഥിതി ചെയ്യുന്നു.<br><br>കമ്പനിയുടെ ഹെഡ് ഓഫീസ് ഡിവിഷനിലെ ഫാക്ടറി സമുച്ചയങ്ങൾ നവീകരണം നടത്തി ഇന്റർ നാഷണൽ സർട്ടിഫിക്കേഷനുകൾ നേടിയെടുത്ത് കയറ്റുമതി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇവിടെത്തന്നെ ട്രെയിനിങ് ആൻഡ് ഡെവലപ്മെൻറ് സെൻറർ, പ്രോഡക്റ്റ് ഡെവലപ്മെൻറ് സെൻറർ, ഡിസ്പ്ലേ സെൻറർ എന്നിവ പൂർത്തീകരി-ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണിച്ചുകുളങ്ങര |

| | | |
|---|---|---|
| | | ഡിവിഷനിൽ ആധുനിക സജ്ജീ-കരണങ്ങളോടുകൂടിയ മാട്രസ് ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| 3. | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് | ഇത് വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖല സ്ഥാപനമാണ്. സ്ഥാപനത്തിന്റെ ഹെഡ് ഓഫീസ് 32 ആർ. 77 സ്ക്വ. മീ. ൽ ചുങ്കം എന്ന സ്ഥലത്തും, ഫാക്ടറി 93 ആർ. 43. മീ. ൽ സനാതനത്തുമാണ് പ്രവർത്തിക്കുന്നത്.<br><br>കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ നവീകരണ പ്രവർത്തികൾക്കായി 3.50 കോടി രൂപയുടെ മെഷീനുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4. | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | കെ.എസ്.ഡി.പിയുടെ പ്രധാന കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥലം 5.72 ഹെക്ടറും ഓങ്കോളജി, ഫാർമ പാർക്ക് സ്ഥാപിക്കുന്നത് 2.58 ഹെക്ടർ സ്ഥലത്തുമാണ്.<br><br>മരുന്നുകളുടെ ഉല്പാദന നിരക്ക് വർദ്ധിപ്പിക്കുകയും, പുതിയ മരുന്നുകളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തുന്നതിനുമായി ലാബ് നവീകരിക്കുന്നതിനുള്ള പ്രവർത്ത-നങ്ങൾ നടന്നുവരുന്നു. സെയിൽസ് ഔട്ട്ലെറ്റ്, കാൻറീൻ, കാർപോർച്ച്, ടൈം ഓഫീസ്, കോമ്പൗണ്ട് വാൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള |

| | | |
|---|---|---|
| | | നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>എൽ വി പി, എസ് വി പി, ഒഫ്ത്താൽമിക് പ്ലാന്റിൽ മരുന്നുകൾ ഉല്പാദിപ്പിക്കു-ന്നതിനായുള്ള നടപടികൾ എന്നിവ പുരോഗമിക്കുന്നു. സ്റ്റോറേജ് വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് റാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>ഓങ്കോളജി, ഫാർമ പാർക്ക് മുതലായവ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു |
| 5. | കോമളപുരം സ്പിന്നിംഗ് & വീവിങ് മിൽസ് -( unit of Kerala State Textile Corporation Ltd) | കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് 31 ഏക്കറിലാണ് പ്രവർത്തിക്കുന്നത്.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിന് 15.53 കോടി രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പ്രിപ്പറേറ്ററി വിഭാഗത്തിന്റെ നവീകരണത്തിനായി 62.50 ലക്ഷം രൂപ അടിയന്തര സഹായമായി നൽകിയിട്ടുണ്ട്. |
| 6. | സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് (A unit of SILK) | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ ചേർത്തലയിലുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് 10.20 ഹെക്ടറിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ്. |

| | | |
|---|---|---|
| | | സ്ഥാപനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി പെട്രോൾ പമ്പ്, സോളാർ പവർ പ്ലാൻറ്, പ്രീ ഫാബ് സ്റ്റീൽ സ്ട്രക്ചർ ഫാബ്രിക്കേഷൻ ഫസിലിറ്റി മുതലായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7. | സിഡ്കോയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മാർക്കറ്റിംഗ് ഓഫീസ്, ഡിപ്പോ എന്നിവ | സിഡ്കോയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഒരു ഏക്കർ വിസ്തീർണ്ണത്തിൽ മാരാരിക്കുളത്ത് പ്രവർത്തിക്കുന്നു. മാർക്കറ്റിംഗ് ഓഫീസ്, ഡിപ്പോ എന്നിവ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ